പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1537 14.12.2012-ൽ മറുപടിക്ക്

## അങ്കമാലി നഗരസഭയിലെ മാലിന്യപ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) അങ്കമാലി നഗരസഭയിലും പരിസര പ്രദേശങ്ങളിലും വർദ്ധിച്ചുവരുന്ന മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി ഉറവിട മാലിന്യസംസ്ക്കരണ സംവിധാനം നടപ്പിലാക്കുന്നതിനായി 17 ലക്ഷം രൂപ അനുവദിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ; | എ) 30.03.2012 |
| ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കുന്നതിനുള്ള കാലതാമസത്തിന് കാരണം വിശദീകരിക്കാമോ ; | ബി) പ്രസ്തുത സംവിധാനം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. സർവ്വീസ് പ്രൊവൈഡറെ കണ്ടെത്തുന്നതിന് ടെണ്ടർ ക്ഷണിക്കുകയും, അതിൻപ്രകാരം ടെണ്ടറുകൾ ലഭിച്ചതിൽ നടപടി സ്വീകരിച്ചു വരികയുമാണ്. ബയോഗ്യാസ് പ്ലാന്റിനും, പൈപ്പ് കമ്പോസ്റ്റിംഗിന് തയ്യാറാക്കിയിരുന്ന സ്പെസിഫിക്കേഷനിലും, യൂണിറ്റ് കോസ്റ്റിലും മാറ്റം വന്നതിനാലാണ് ടെണ്ടർ ക്ഷണിക്കുന്നതിന് കാലതാമസം ഉണ്ടാകാൻ കാരണമായത്. |
| സി) പ്രസ്തുത സംവിധാന പ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റുകളും പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനവും വാർഡ് തലത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | സി) പ്രസ്തുത സംവിധാനപ്രകാരമുള്ള ബയോഗ്യാസ് പ്ലാന്റുകളും, പൈപ്പ് കമ്പോസ്റ്റിംഗ് സംവിധാനങ്ങളും വാർഡ് തലത്തിൽ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വാർഡ് സഭകൾ വഴി അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്തിട്ടുണ്ടോ; ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഡി) ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് വാർഡ് സഭകൾ വഴി അപേക്ഷ സ്വീകരിച്ചിട്ടുണ്ടെങ്കിലും കൗൺസിൽ ഗുണഭോക്തൃ ലിസ്റ്റിന് അന്തിമ അംഗീകാരം നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ